**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1101 — 05-03-2018 -ൽ മറുപടിക്ക്

## ഓഖി ദുരന്തം - സർക്കാർ സ്വീകരിച്ച നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. അടൂർ പ്രകാശ്** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഓഖി ദുരന്തമുണ്ടായപ്പോൾ സർക്കാർ സ്വീകരിച്ച നടപടി ക്രമങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ; | എ) | ഓഖി ദുരന്തമുണ്ടായപ്പോൾ, 30.11.2017-ന് തന്നെ തീരസംരക്ഷണ സേനയോട്, രക്ഷാപ്രവർത്തനത്തിന് സഹായം അഭ്യർത്ഥിക്കുകയും Standard Operating Procedures പ്രകാരം Army, Navy, Air Force, Fire & Rescue Services, Coast Guard എന്നിവരെ ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങളും ഏകോപനവും ഉറപ്പ് വരുത്തി. ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനെ ചീഫ് സെക്രട്ടറി ബന്ധപ്പെട്ട് കടലിൽ യാത്ര ചെയ്യുന്ന എല്ലാ വാണിജ്യ കപ്പലുകൾക്കും ഉൾക്കടലിൽ അപകടത്തിൽപ്പെട്ട മത്സ്യ തൊഴിലാളികളെ രക്ഷിക്കുവാൻ സഹായം അഭ്യർത്ഥിച്ചു. ഓരോ താലൂക്കിലും പ്രത്യേകം കൺട്രോൾ റൂം സജ്ജീകരിക്കുകയും 18 ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുകയും 261 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുകയും ചെയ്തു. ദുരിത ബാധിതർക്ക് ചികിത്സ പൂർണ്ണമായും സൗജന്യമായി നൽകുവാൻ നിർദ്ദേശിച്ചു. റവന്യൂ, പോലീസ്, ഫിഷറീസ്, വായു സേന, നേവി, കോസ്റ്റ് ഗാർഡ്, എന്നിവരുടെ സംയുക്ത കൺട്രോൾ റൂം ആരംഭിച്ച് Operation Synergy' എന്ന പേരിൽ രക്ഷാപ്രവർത്തനം നടത്തി. തീരദേശ താലൂക്കുകളിലും കൺട്രോൾ റൂം ആരംഭിച്ചു. കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് അടിയന്തിര സഹായമായി കൂടുതൽ കപ്പലുകളും, വിമാനങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു. ലക്ഷദ്വീപിൽ എത്തിയ മത്സ്യ തൊഴിലാളികൾക്ക് ആവശ്യമായ സഹായം നൽകുവാൻ പ്രസ്തുത |

| | | | |
|---|---|---|---|
| | | | സർക്കാരിനോട് അഭ്യർത്ഥിച്ചു കൊച്ചി കേന്ദ്രീകരിച്ച് ഒരു കൺട്രോൾ റൂം കൂടി ആരംഭിച്ചു. ഫിഷറീസ് വകുപ്പ് പ്രാദേശിക മത്സ്യ തൊഴിലാളികളെ ഉൾപ്പെടുത്തി കൊച്ചിയിൽനിന്നും വലിയ മത്സ്യബന്ധന ബോട്ടിൽ തിരച്ചിൽ നടത്തി. മഹാരാഷ്ട്ര, ഗോവ, ഗുജറാത്ത്, കർണാടക തീരങ്ങളിലെത്തിയ മലയാളികൾക്ക് ആവശ്യമായ ഇന്ധനവും 2500 രൂപാ വീതവും നൽകുവാൻ അതാത് സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു രക്ഷാ പ്രവർത്തനത്തിന്റെ മുഖ്യ ഏകോപന കേന്ദ്രം കൊച്ചിയിലെ നേവിയുടെ Joint Operations Command ലേക്ക് മാറ്റി. കേന്ദ്ര സേനകൾ അവരുടെ അന്വേഷണം തുടരണമെന്നും മറ്റ് രാജ്യങ്ങളിലെത്തിപ്പെട്ട മത്സ്യത്തൊഴിലാളികളെ തിരിച്ചെത്തിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു. 06.12.2017 -ലെ സ.ഉ.(എം.എസ്.)നം. 1/2017/ഡി.എം.ഡി. ഉത്തരവ് പ്രകാരം ഓഖി ദുരന്തത്തിന് ഇരയായവർക്ക് അടിയന്തിര ആശ്വാസ നടപടികൾ സ്വീകരിച്ച് ഉത്തരവായി(ഉത്തരവ് അനുബന്ധമായി ചേർക്കുന്നു). ദുരന്ത ബാധിതരും Savings cum Relief Scheme ൽ അംഗങ്ങളായവരുമായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും 2000 രൂപ വീതം നൽകുവാൻ തീരുമാനിച്ചു. മഹാരാഷ്ട്ര, ഗോവ, ഗുജറാത്ത്, കർണാടക തീരങ്ങളിലെത്തിയ മലയാളികൾക്ക് ആവശ്യമായ ഇന്ധനവും 2500/- രൂപ വീതവും നൽകുവാൻ അതാത് സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു ഓഖി ദുരന്തത്തിൽ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അടിയന്തിര ധനസഹായമായി 10,000/- രൂപ വീതം അനുവദിച്ചു അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി 5000/- രൂപ വീതം അനുവദിച്ചു നൽകി. ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും അടിയന്തിര സഹായമായി 431 കോടി രൂപ ആവശ്യപ്പെടുന്ന മെമ്മോറാണ്ടം |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുകയും 7340.45 കോടി രൂപയുടെ പുനരധിവാസ പാക്കേജ് ലഭ്യമാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകയും ചെയ്തു. |
| ബി) | കേന്ദ്രസർക്കാരിന്റെ മുന്നറിയിപ്പ് സംസ്ഥാന സർക്കാരിന് ലഭിച്ചത് എന്നാണ്; ആർക്കെല്ലാമാണ് ലഭിച്ചത്; വ്യക്തമാക്കുമോ; | ബി) | 30-11-2017 ന് ഉച്ചക്ക് 12.00 മണിക്ക് കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ച Cyclone Warning ഉണ്ട് എന്ന അറിയിപ്പ് ഉച്ചക്ക് 12.46-ന് ലഭിച്ചു. ചുവടെ ചേർക്കുന്ന ഇമെയിൽ വിലാസങ്ങളിൽ സന്ദേശം നൽകിയിരുന്നു.<br>Chief Sec. Kerala" <chiefsecy@kerala.gov.in>,<br>Land revenue <prlsecy@revenue.kerala.gov.in<br>SDMA <seoc.gok@gmail.com>,<br>directorate.port@kerala.gov.in<br>dineshbhaskaran@gmail.com,<br>spmr.pol@kerala.gov.in,<br>ddnews kerala <ddnewskerala@gmail.com>,<br>AIR TVM akashavani <sd@airtvm.com>,<br>Trivandrum AMO <amotvpm@yahoo.co.in>,<br>CIAL Kochi <cialkochi@yahoo.com>,<br>AIR NATTUVISHESHAM<br><airnattuvisesham@gmail.com>,<br>abdulsalamlak@gmail.com |
| സി) | ലാന്റ് റവന്യൂ കമ്മീഷണർക്ക് സന്ദേശം കൈമാറിയിരുന്നുവോ; | സി) | 30-11-2017 ന് ഉച്ചക്ക് 12.00 മണിക്ക് കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ച അറിയിപ്പിന്റെ വെളിച്ചത്തിൽ വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ മാധ്യമങ്ങൾക്കും, പ്രധാനപ്പെട്ട എല്ലാ വകുപ്പ് മേധാവിമാർക്കും ജില്ലാ കളക്ടർമാർക്കും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെസ്സേജ് സർവീസ് മുഖാന്തിരം നൽകി. ഈ സർവ്വീസിൽ ലാൻഡ് റവന്യൂ കമ്മിഷണറും അംഗമാണ്. |
| ഡി) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിൽ ഇപ്പോൾ ഹെഡ് ഫാക്കൽറ്റി നിലവിലുണ്ടോ; അദ്ദേഹത്തിന് മുന്നറിയിപ്പ് എന്നാണ് ലഭിച്ചത്; | ഡി) | ഇല്ല.<br><br>ബാധകമല്ല. |
| ഇ) | വകുപ്പ് മേധാവി ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നിയമനം നൽകാത്തതെന്ന് വിശദീകരിക്കുമോ; SDMA (സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ്)-യിൽ വിവിധ ദുരന്തങ്ങൾ കൈകാര്യം | ഇ) | ഐ.എൽ.ഡി.എം ഡയറക്ടറായി (വകുപ്പ് മേധാവി) ശ്രീ. പി.ജി. തോമസ് ഐ.എ.എസ് (റിട്ട.) നെ നിയമിച്ചിട്ടുണ്ട്. സംസ്ഥാന അതോറിറ്റിയിൽ ദുരന്ത വിഷയങ്ങൾ കൈകാര്യം ചെയ്യുവാൻ 25 വിഷയ വിദഗ്ധർ ഉണ്ട്. ഇവരുടെ വിവരങ്ങൾ |

| | | | |
|---|---|---|---|
| | ചെയ്യുന്നതിനുള്ള ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വിശദീകരിക്കുമോ; | | http://sdma.kerala,gov.in/team-seoc-2/, http://sdma.kerala,gov.in/tdeocs/ എന്നീ ലിങ്കുകളിൽ ലഭ്യമാണ്. |
| എഫ്) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഓരോ വിഷയത്തിലും കഴിവുള്ളവരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | എഫ്) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളിൽ പുതുതായി 10 വിദഗ്ധരെ നിയമിച്ചു. |
| ജി) | ഓഖി ദുരന്തത്തിന്റെ മുന്നറിയിപ്പ് നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ; ഇവരിൽ ഓരോരുത്തരുടെ പേരിലും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | ജി) | ചുഴലികാറ്റ് പ്രവചിക്കുവാൻ ചുമതലയുള്ള ഏജൻസി ചുഴലികാറ്റ് പ്രവചനം നടത്തിയതിന് ശേഷം ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുകയുണ്ടായി. മുന്നറിയിപ്പ് നൽകുന്നതിൽ വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ